18 (*344) സഹകരണസംഘങ്ങളിൽ നടക്കുന്ന ക്രമക്കേടുകൾ

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് പ്രത്യേക ആഡിറ്റ് നടത്തുന്നതിന് ആലോചിക്കുമോ;

(ബി) പല സഹകരണസംഘങ്ങളിലും ഫലപ്രദമായ ആഡിറ്റ് നടത്താത്തതിനാൽ യഥാസമയം ക്രമക്കേടുകൾ കണ്ടുപിടിക്കാൻ കഴിയാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണസംഘങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പ്രത്യേക ആഡിറ്റ് വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കുമോ;

(ഡി) സഹകരണസംഘങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ട്;

(ഇ) ഇതിൽ എത്ര ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്;

(എഫ്) സാമ്പത്തിക തിരിമറി സംബന്ധിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ സഹകരണസംഘത്തിലെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടുണ്ട്;

(ജി) സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള കേസ്സുകളുടേയും അതിൽ ഉൾപ്പെട്ടിട്ടുള്ളവരുടേയും വിശദവിവരങ്ങൾ നൽകുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് സഹകരണസംഘം നിയമം സെക്ഷൻ 63 പ്രകാരമാണ് നടത്തുന്നത്. സാമ്പത്തിക ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് പ്രത്യേക ആഡിറ്റ് സംവിധാനം പരിഗണനയിലില്ല. നിയമസഭ പാസ്സാക്കിയ സഹകരണ ഭേദഗതി നിയമത്തിൽ ആഡിറ്റിനുവേണ്ടി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ വ്യവസ്ഥയുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം പരാതികളിൽ ഇപ്പോൾത്തന്നെ സഹകരണ വകുപ്പിൽ ജനറൽ വിഭാഗവും, വിജിലൻസ് വിഭാഗവും അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) 180 എണ്ണം.

(ഇ) 226 ജീവനക്കാരുടെ പേരിൽ.

(എഫ്)&(ജി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly